**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4051** **27-10-2021 - ല്‍ മറുപടിയ്ക്ക്**

**മത്സ്യ-മാംസ കച്ചവടം ആരംഭിക്കുന്നതിനുള്ള ലൈസന്‍സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എന്‍.ഷംസീര്‍ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യ - മാംസ കച്ചവടങ്ങള്‍ ആരംഭിക്കുന്നതിനുള്ള ലൈസന്‍സ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളില്‍ നിന്ന് നല്‍കുമ്പോള്‍ ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭരണ സമിതിയുടെ അനുമതി ആവശ്യമുണ്ടോ; വിശദമാക്കാമോ? | (എ) | മത്സ്യ - മാംസ കച്ചവടങ്ങള്‍ ആരംഭിക്കുന്നതിനുള്ള ലൈസന്‍സ് അനുവദിക്കുമ്പോള്‍ ഭരണസമിതിയുടെ അനുമതി ആവശ്യമാണെന്നത് സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലോ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലോ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാല്‍ 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങള്‍ പ്രകാരം ഇറച്ചിക്കടകളുടെ സ്ഥാനം നിര്‍ണ്ണയിക്കുന്നതിനും 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാര്‍ക്കറ്റുകളുടേയും സ്വകാര്യ മാര്‍ക്കറ്റുകളുടെയും നിയന്ത്രണവും ലൈസന്‍സ് നല്‍കലും) ചട്ടങ്ങള്‍ പ്രകാരം മാര്‍ക്കറ്റുകള്‍ക്ക് അനുമതി നല്‍കുന്നതിനും ഭരണസമിതി തീരുമാനം ആവശ്യമാണ്. |

സെക്ഷന്‍ ഓഫീസര്‍